

# വേര്

**FAROOK HIGHER SECONDARY SCHOOL**

**LITTLE KITES - DIGITAL MAGAZINE**

# Editorial board

## Chief Editor

MISAB BIN UMAIR M

## Editors

AYSHA ROSHAN
AYSHA NESHWAH
RAYYAN M
MUHAMMED FAYIZ KP
IFA SAIF

FAROOK HIGHER SECONDARY SCHOOL

LITTLE KITES 2022 - 2025

# മഴയുടെ സൃഷ്ടികൾ

മഴ പൊഴിഞ്ഞു വരുന്നു, ഭൂമി മിഴിക്കുന്നു,
കിടപ്പുറത്ത് കുളിർക്കുന്നു, പൂക്കുന്നു മുകളേ,
പാലുകൾ തന്നെ പറയുന്നു, സ്വന്തം ഗാനങ്ങൾ പാടുന്നു,
നന്നായി കാണാനും, സഹോദരൻ മഴയുടെ അമൃതം.

മണിമഴയും മഴയും ഇറക്കിയിരിക്കുന്ന,
ഭൂമി പുഴുക്കി, സുഗന്ധമുള്ള രാത്രികൾ തുടരുന്നു.

Muhammed Rahan KP
9E

# പൂക്കാവ്

പച്ചനിറമുള്ള വയലുകളിൽ, സൂര്യപ്രകാശം,
അതിലോലമായ ദളങ്ങൾ, സ്വപ്നങ്ങൾ പോലെ മൃദുവായ,
ഒരു പൂവ് വിരിയുന്നു,

അതിന്റെ നിറങ്ങൾ  മഴവില്ല് പോലെ തിളങ്ങുന്നു, ഇളം
കാറ്റ് അതിന്റെ സുഗന്ധം പരത്തുന്നു, പൂവിന്റെ
മധുരവും, ശുദ്ധവും വെളിച്ചമായി പ്രകാശിക്കുന്നു

അതിന്റെ സ്വർണ്ണകിരീടം   വളരെ  ഭംഗിയുള്ള
താണ് , പുഷ്പത്തിന്റെ സൗന്ദര്യം
എല്ലാ പരിധിക്കപ്പുറമാണ്

ഓരോ ഇതളിലും പ്രണയത്തിന്റെ, സന്തോഷത്തിന്റെ,
വേദനയുടെ  കഥയുണ്ട്

ഓരോ കാലത്തും അത് മാറും എന്നാൽ അതിന്റെ ഭംഗി
ഒരിക്കലും മങ്ങില്ല

അതിനാൽ ഈ പുഷ്പത്തെ നമുക്ക്  സൂക്ഷിക്കാം

പ്രകൃതിയിൽ നിന്നുള്ള ഒരു സമ്മാനവും,ഒരു യഥാർത്ഥ
അമൂല്യ കലാസൃഷ്ടി ആകുന്നു പൂക്കൾ

Fathima Shifa. P
9B



# മാമ്പഴക്കാലം

മുറ്റത്തെ തേന്മാവ് പൂത്തുലഞ്ഞു
കായ്ക്കുന്നതു നോക്കി നാമിരുന്നു

മാമ്പഴ ചുണ്ണികൾ വളർന്നു വന്നു
മാമ്പഴം മൂത്തു പഴുത്തു വന്നു

മാമ്പഴം താഴേക്കു ചാഞ്ഞു നിന്നു
മാമ്പഴ മധുരം നുണഞ്ഞിടാനായ്
അവകാശികൾ ഏറെ വന്നിരുന്നു

Fathima hasna. A.V
9B

# അവളുടെ കഥ



ഒരു ദിവസം സന്ധ്യനേരത്ത് തറവാടിന്റെ ഉമ്മറത്തു കുടുംബാംഗങ്ങൾ എല്ലാവരും ഇരിക്കുന്നുണ്ട്. കുഞ്ഞുങ്ങൾ കളിക്കുന്നുണ്ട് അമ്മാവനന്മാർ വർത്തമാനങ്ങൾ അമ്മായിമ്മാരുടെ പരദൂഷണങ്ങൾ അങ്ങനെ പലതും. എല്ലാവരും ഇടയ്ക്കിടെ സമയം നോക്കുന്നുണ്ട് അതോടൊപ്പം തന്നെ വഴിയിലേക്കും നോക്കുന്നുണ്ട്. ഇടക്ക് ആരോ ചോദിക്കുന്നുണ്ട്, 'സമയം ആയല്ലോ അവൾ ഇത് വരെ എത്തിയില്ലേ'? പെട്ടെന്ന് പോലീസ് വാഹനവും പുറകെ മറ്റൊരു വാഹനവും വന്നു. എല്ലാവരും നോക്കി അതിൽ അവളായിരുന്നു അമൂല്യ ഐ.എ.എസ്. അതെ അവൾക്കായി കാത്തിരിക്കുകയാണ് എല്ലാവരും. ഇത്

അവളുടെ കഥയാണ്. അവളുടെ കണ്ണീരിന്റെ വേദനകളുടെ പ്രയത്നത്തിന്റെ കഥ...

വർഷങ്ങൾക്ക് മുമ്പ് കുടുംബത്തിലെ ആദ്യത്തെ കണ്മണി എന്നപോലെ ആയിരുന്നു അമ്മുവിന്റെ ജനനം. കുറച്ചു കാലം കഴിഞ്ഞായിരുന്നു അവളുടെ അച്ഛന്റെ അനിയന്റെ വിവാഹം. അമ്മുവിന് ചെറിയമ്മയെ ഒരുപാട് ഇഷ്ട്ടമായി. അമ്മയേക്കാൾ അവൾ ചെറിയമ്മയോട് സംസാരിച്ചിരുന്നു. അങ്ങനെ അവൾക് സഹോദരങ്ങൾ ഏറെ ആയി. എല്ലാവരും ഒരുമിച്ച് സന്തോഷത്തോടെ വളർന്നു. വർഷങ്ങൾ കടന്നു പോയി എല്ലായിടത്തും ഉണ്ടാവുന്നപോലെ ഭാഗം വെപ്പും പ്രശ്നങ്ങളും കാരണം എല്ലാവരും പല വഴിക്ക് പോയെങ്കിലും



കുട്ടികൾ അവർ ക്കായി ഒരു ലോകം ഉണ്ടാക്കിയിരുന്നു. പിന്നീട് കല്യാണങ്ങ ൾക്കും പരിപാടികൾ ക്കും മാത്രമായിരുന്നു അവർ കണ്ടിരുന്നത്. അമ്മു പഠിക്കാൻ മിടുക്കിയായിരുന്നു. കണക്ക് ആയിരുന്നു അവളുടെ

ഇഷ്ടവിഷയം. അവളിൽ എല്ലാവർക്കും പല പ്രതീക്ഷകളായിരുന്നു. കുടുംബം ഒത്തുചേരുമ്പോൾ പലരും അവളെ പറ്റി ആയിരുന്നു സംസാരിക്കുന്നത്. 'അവളെ ഒരു ഡോക്ടർ ആവും' എന്ന് അവളുടെ അച്ഛൻ പറഞ്ഞു. അപ്പോൾ അമ്മാവൻ: 'ഏയ്യ് അങ്ങനെ ഒത്തിരി ഒന്നും പഠിപ്പിക്കണ്ടെ കേട്ടോ. പെൺകുട്ട്യോളെ നേരെത്തെ കെട്ടിച്ചുവിടുന്നതാ നല്ലത്'. ഇങ്ങനെ പല പല സംസാരങ്ങൾ ഉണ്ടാവാറുണ്ട്. എന്നാലും അവളുടെ മനസ്സിൽ എന്തായിരുന്നു എന്നത് ആരും ചോദിച്ചില്ല അവൾ അത് വീട്ടിൽ ആരോടും പറഞ്ഞിട്ടില്ല. ടടഘഇ എക്സാമിലും പ്ലസ്ടു എക്സാമിലും എല്ലാവരും പ്രതീക്ഷിച്ച പോലെ അമ്മു നല്ല മാർക് വാങ്ങി. ഇതിനിടയിൽ അവൾക്ക് ഒരു പ്രേമം. വീട്ടിൽ എല്ലവരും ഞെട്ടി. ആർക്കും അത് വിശ്വസിക്കാൻ ആയില്ല. അവനെ തന്നെ മതിയെന്ന അവളുടെ വാശി വീട്ടിൽ അംഗീകരിക്കേണ്ടി വന്നു. കല്യാണ സമയം വരന്റെ വീട്ടിലെ എല്ലാവർക്കും അവളെ വലിയ കാര്യമായിരുന്നു. എന്നാൽ അതെല്ലാം വെറുതെയായിരുന്നു എന്ന് അവൾക്കു മനസ്സിലായില്ല. വിവാഹശേഷമാണ് അവൾക്ക് ഭർത്താവിന്റെ വീടിനെ പറ്റി മനസ്സിലായത്. സ്വന്തം അമ്മയെ



സ്നേഹിക്കാനും അനുസരിക്കാനും അല്ലാതെ ഭാര്യക് വേണ്ടി സംസാരിക്കാനോ അവളുടെ ശെരി മനസ്സിലാക്കാനോ അവന് കഴിയില്ല എന്ന് വേദനയോടെ അവൾ മനസ്സിലാക്കി. എല്ലാം അവൾ സഹിച്ചു ക്ഷമിച്ചു ആരോടും ഒന്നും പറഞ്ഞില്ല. പറയാൻ അവളെക്കൊണ്ട് ആയില്ല. ഒടുക്കം അവള്ക് പറയേണ്ടി വന്നു. എല്ലാവരും ചേർന്ന് സംസാരിച്ചു. പലതും പരിഹരിച്ചെങ്കിലും ഭർത്താവിന്റെ അമ്മ മാറിയില്ല. അവർക്ക് മകനോടുള്ള അമിതമായ സ്നേഹം അവൻ സ്നേഹിക്കുന്നതും അവനെ സ്നേഹിക്കുന്നതും താൻ മാത്രമായിരിക്കണം എന്ന അവരുടെ ആഗ്രഹം. സ്വന്തം ഭർത്താവിനോട് സംസാരിക്കാൻ പോലും അമ്മു അനുവാദം ചോദിക്കണ്ടിവന്നു. ഇതെല്ലാം കാരണം അമ്മു വീട്ടിലേക്ക് വന്നു. ഇങ്ങനെയൊകെ ആണെങ്കിലും അവൻ അമ്മുനെ ഒത്തിരി ഇഷ്ടപ്പെട്ടു. അവന്റെ അമ്മ അറിയാതെ അവളെ കാണാൻ വന്നിരിന്നു. അങ്ങനെനെയിരിക്കെ അവർക്ക് കുഞ്ഞുണ്ടായി. ആ സമയത്ത് അവൾ പഠിക്കാൻ പോകട്ടെ എന്ന് ചോദിച്ചെങ്കിലും അവൻ അത് സമ്മതിച്ചില്ല. എല്ലാ സംഗടങ്ങളും ഉള്ളിൽ ഒതുക്കി പുറമെ കളിച്ചും ചിരിച്ചും അവൾ ജീവിച്ചു. ചില സമയങ്ങളിൽ അവർ തമ്മിൽ പ്രശനങ്ങൾ ഉണ്ടാകും. ജീവിതം മടുത്തു എന്ന് തോന്നുമ്പോഴും ഇനി ജീവിക്കണ്ടെ എന്ന് തോന്നുമ്പോഴും അവളുടെ മുന്നിൽ ഒരു കുഞ്ഞുമുഖം കാണും. അങ്ങനെ

അമ്മു മകൻ വേണ്ടി ജീവിക്കാൻ തുടങ്ങി. എങ്കിലും അവളുടെ പഠിക്കണം എന്ന ആഗ്രഹം അവൾ വിട്ടില്ല. അങ്ങനെയിരിക്കെ അവള്ക്ക് തുടർന്ന് പഠിക്കാൻ അവൻ സമ്മധം നൽകി. അവിടെ നിന്ന് ആയിരുന്നു തുടക്കം. എല്ലാം അവസാനിക്കും എന്ന് കരുതിയടത്ത് നിന്ന് അവൾ തുടങ്ങി. ആരും പ്രതീക്ഷിക്കാത്ത ഒരു വിഷയം ആയിരുന്നു അവൾ എടുത്തത്. അതിൽ അവൾ വിജയ്ച്ചു. എല്ലാ പ്രശ്നങ്ങൾക്കും അവളുടെ കൂടെ അവളുടെ ചെറിയമ്മയും



സഹോദരങ്ങളും കൂടെ തന്നെ ഉണ്ടായിരുന്നു. അവളുടെ വേദനകൾക്കും യാധനകൾക്കും മുന്നിൽ തോൽക്കാതെ അവൾ ജീവിച്ചു. ഇന്നവൾ നിയമംങ്ങൾ അറിയുന്ന കളക്ടർ പതവിയുടെ ഉടമയാണ്. എല്ലാവർക്ക് മുന്നിലും തല ഉയർത്തി പിടിച്ചുകൊണ്ട് അവൾ ഇപ്പോൾ ജീവിക്കുന്നു, വേദനകളിൽ കരഞ്ഞു തളരാതെ കുടഞ്ഞു എഴുനേൽക്കണം എന്ന പാഠവുമായി.

Aysha Neshwa
9A

# അർജുന്റെ മാന്ത്രിക യാത്ര

പണ്ട് കേരളത്തിലെ ഒരു പ്രശാന്തമായ ഗ്രാമത്തിൽ അർജുൻ എന്നൊരു കൗതുകക്കാരൻ ജീവിച്ചിരുന്നു. ഒരു ദിവസം, പച്ചപ്പ് നിറഞ്ഞ ചുറ്റുപാടുകൾ പര്യവേക്ഷണം ചെയ്യുന്നതിനിടയിൽ, മറഞ്ഞിരിക്കുന്ന വാതിലോടുകൂടിയ പുരാതനവും നിഗൂഢവുമായ ഒരു മരത്തിൽ അയാൾ ഇടറിവീണു.

കൗതുകത്തോടെ, അർജുൻ വാതിൽ കടന്ന് സംസാരിക്കുന്ന മൃഗങ്ങളും ചടുലമായ പ്രകൃതിദൃശ്യങ്ങളും നിറഞ്ഞ ഒരു മാന്ത്രിക മണ്ഡലത്തിൽ സ്വയം കണ്ടെത്തി. മാന്ത്രിക വനത്തിൽ ഐക്യം പുനഃസ്ഥാപിക്കാനുള്ള അന്വേഷണത്തിൽ വഴികാട്ടിയായ ഗണപതി എന്ന ജ്ഞാനിയായ ആനയുമായി അദ്ദേഹം സൗഹൃദത്തിലായി.

അവർ ഒരുമിച്ച് വെല്ലുവിളികളെ അഭിമുഖീകരിച്ചു, കടങ്കഥകൾ പരിഹരിച്ചു, പുരാണ ജീവികളെ കണ്ടുമുട്ടി. ധൈര്യം, സൗഹൃദം, പ്രകൃതിയെ സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യം എന്നിവയെക്കുറിച്ചുള്ള വിലപ്പെട്ട പാഠങ്ങൾ വഴിയിൽ അർജുൻ പഠിച്ചു.

അവരുടെ സാഹസികത വെളിപ്പെടുമ്പോൾ, ബാലൻസ് പുനഃസ്ഥാപിക്കുന്നതിനുള്ള താക്കോൽ ഒരു കുസൃതി കുരങ്ങൻ കാവൽ നിൽക്കുന്ന ഒരു പുരാതന പുഷ്പത്തിൽ ഉണ്ടെന്ന് ഇരുവരും കണ്ടെത്തി. പെട്ടെന്നുള്ള ചിന്തയും കൂട്ടായ പ്രവർത്തനവും കൊണ്ട്, അർജുനും ഗണപതിയും കുരങ്ങിനെ മറികടന്ന്, മാന്ത്രിക പുഷ്പം വീണ്ടെടുത്തു, നിഗൂഢ മണ്ഡലത്തിന്

സമാധാനം കൊണ്ടുവന്നു.

അർജുന്റെ ധീരതയ്ക്ക് നന്ദിയുള്ള വനം അവന് ഒരു അതുല്യമായ സമ്മാനം നൽകി – മൃഗങ്ങളെ മനസ്സിലാക്കാനും ആശയവിനിമയം നടത്താനുമുള്ള കഴിവ്. തന്റെ ഗ്രാമത്തിലേക്ക് മടങ്ങിയെത്തിയപ്പോൾ, അർജുൻ തന്റെ അസാധാരണമായ യാത്ര പങ്കിട്ടു, പ്രകൃതിയുടെ അത്ഭുതങ്ങളെ വിലമതിക്കാനും ചുറ്റുമുള്ള ലോകവുമായി യോജിച്ച് ജീവിക്കാനും മറ്റുള്ളവരെ പ്രചോദിപ്പിച്ചു.

അങ്ങനെ, അർജുന്റെയും ഗണപതിയുടെയും കഥ തലമുറകളിലൂടെ കൈമാറ്റം ചെയ്യപ്പെടുന്ന ഒരു പ്രിയപ്പെട്ട കഥയായി മാറി, പ്രകൃതി ലോകത്തെ പര്യവേക്ഷണം ചെയ്യുകയും ബഹുമാനിക്കുകയും ചെയ്യുന്ന ലളിതമായ പ്രവർത്തനത്തിൽ കണ്ടെത്താൻ കഴിയുന്ന മാന്ത്രികതയെക്കുറിച്ച് എല്ലാവരേയും ഓർമ്മപ്പെടുത്തുന്നു.

# പോകും മുമ്പ്...

ആശയങ്ങൾ മരിച്ചതിനാൽ
ഭാഷകൾ തൊഴിൽ രഹിതരായി...
കാണ്ഡത്തിൻ്റെ നെടുകെയുള്ള ഛേദത്തിലെ നീല ഞരമ്പ്
കാണാത്തതിനാൽ അടിസ്ഥാന ശാസ്ത്രം ആത്മഹത്യ
ചെയ്തു...
പോയതെല്ലാം ആവർത്തിച്ചപ്പോൾ
ചരിത്രത്തിന് പ്രസക്തിയില്ലാതായി...
സമൂഹമില്ലെന്ന് മനുഷ്യൻ വിധിച്ചപ്പോൾ
അതിൻ്റെ ശാസ്ത്രവും മണ്ണടിഞ്ഞു...
കണ്ണുനീരിൻ്റെ ഉപ്പുരസമറിയാതെ
സംഗീത ശാസ്ത്രം തളർന്നു...
അസ്ഥി പിളർത്തിയ നിലവിളിയുടെ കാഠിന്യം
കായിക ശാസ്ത്രത്തിന് കണ്ടെത്താനായില്ല...
കരവേഗത ചങ്ങലയണിഞ്ഞപ്പോൾ പ്രവൃത്തി പരിചയം
നോക്കുകുത്തിയായി...
ഞാൻ ഇനിയെന്തു ചെയ്യും ?
പോകും മുമ്പ്... ഒരു നിമിഷം...
ഈ ബെഞ്ചിൽ തല ചായ്ക്കട്ടെ..
നിശ്ശബ്ദത തഴുകുവാൻ...
ശൂന്യത പുണരുവാൻ...

Labeeb M
9G